# കേരള കാർഷിക സർവ്വകലാശാല
## മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര
(ഫോൺ:0487-2438626)

നമ്പർ:എംഎസ്ഡി/406/2015 തീയ്യതി: 21.12.2021

**ക്വട്ടേഷൻ/ലേല പരസ്യ നമ്പർ 01/2021-22**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മെക്കാനിക്കൽ സബ് ഡിവിഷനിൽ ഉപയോഗശൂന്യമായി കിടക്കുന്ന സാധന സാമഗ്രികൾ രഹസ്യ ക്വട്ടേഷൻ സ്വീകരിച്ചും പരസ്യലേലം നടത്തിയും വിറ്റഴിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ക്വട്ടേഷൻ/ലേലം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

| ക്രമ നമ്പർ | ഇനം | ലോട്ട് നമ്പർ |
|---|---|---|
| 1. | ഓട്ടോമൊബൈൽ വർക്ക്ഷോപ്പിലെ ഉപയോഗശൂന്യമായ സ്പെയർ പാർട്സുകളും/ ടൂൾസ് | ലോട്ട് നമ്പർ-1 |
| 2. | ഉപയോഗശൂന്യമായ ജലവിതരണ സാമഗ്രികൾ | ലോട്ട് നമ്പർ-2 |

**നിബന്ധനകൾ**

1. പരസ്യ ലേലം 30.12.2021 രാവിലെ 11.30-ന് ആയിരിക്കും. ലേലം/ക്വട്ടേഷൻ 30.12.2021 രാവിലെ 10.00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

2. ലേലത്തിൽ നേരിട്ട് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി 2000/- രൂപ( രണ്ടായിരം രൂപ മാത്രം) 30.12.2021 രാവിലെ 10 മണി മുതൽ 11 മണി വരെ പണമായി ഓഫീസിൽ അടയ്ക്കേണ്ടതും ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ക്വട്ടേഷനും നിരതദ്രവ്യമായ 2000 രൂപ (രണ്ടായിരം രൂപ മാത്രം) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, കേരള കാർഷിക സർവ്വകലാശാല പോസ്റ്റ്, വെള്ളാനിക്കര-680656 യുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, വെള്ളാനിക്കര ശാഖയിൽ മാറാവുന്ന രീതിയിൽ ഡിമാന്റ് ഡ്രാഫ്റ്റായി 30.12.2021-ന് രാവിലെ 11 മണിക്കുള്ളിൽ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

3. ക്വട്ടേഷൻ ഒട്ടിച്ച് സീൽ ചെയ്ത കവറിനു മുകളിൽ **"മെക്കാനിക്കൽ സബ് ഡിവിഷൻ വെള്ളാനിക്കരയിലെ ഉപയോഗശൂന്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ"** എന്നെഴുതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, കേരള കാർഷിക സർവ്വകലാശാല പോസ്റ്റ്, വെള്ളാനിക്കര-680656 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

4. ലേലത്തിൽ വിൽക്കുന്ന സാധനസാമഗ്രികൾ 21.12.2021 തീയ്യതി മുതൽ ഓഫീസ് പ്രവർത്തന സമയങ്ങളിൽ കെഎയു ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് പരിസരത്ത് പ്രദർശിപ്പിക്കുന്നതാണ്

5. പരസ്യ ലേലത്തിന് ശേഷം ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളവർക്ക് ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.

6. ലേലം കൈക്കൊള്ളുന്ന ലേലദാതാവ് മുഴുവൻ ലേല തുകയും നിയമാനുസൃതമായ ചരക്കു സേവന നികുതി (**ജിഎസ്ടി**) യും ചേർത്ത സംഖ്യ 30.12.2021-ന് വൈകിട്ട് 4.00 മണിക്കു മുമ്പ് തന്നെ സർവ്വകലാശാല ഓഫീസിൽ അടക്കേണ്ടതും ലേല സാമഗ്രികൾ 03.01.2022 വൈകുന്നേരം 4.00 മണിക്ക് മുമ്പ് തന്നെ സ്ഥാപനത്തിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ലേലം റദ്ദു ചെയ്യുന്നതും നിരത ദ്രവ്യം സർവ്വകലാശാല അക്കൗണ്ടിലേക്ക് കണ്ടുകെട്ടുന്നതുമായിരിക്കും. നികുതി ഉൾപ്പെടെയുള്ള മുഴുവൻ തുകയും അടച്ചാൽ മാത്രമേ സാധനങ്ങൾ കൊണ്ടു പോകാൻ അനുവദിക്കുകയുള്ളൂ.

7. ലേല സംബന്ധമായ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ, ലേലം നിരസിക്കുവാനോ ഉള്ള അധികാരം തഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്.

8. ക്വട്ടേഷൻ/ലേല ദിവസം എന്തെങ്കിലും കാരണവശാൽ അവധിയായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.

9. സർക്കാർ ലേലത്തിന്റെ എല്ലാ നിബന്ധനകളും കീഴ്വഴക്കങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കും.

Office of the Asst. Exe. Engr. Mech. Sub Din. KAU, Vellanikkara - 680 656

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**

Assistant Executive Engineer
Mechanical Sub Division
KAU, Vellanikkara

പകർപ്പ്:-

1. നോട്ടീസ് ബോർഡ്.(വിവിധ ഓഫീസുകൾ, ക്യാന്റീൻ,കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി)
2. രജിസ്ട്രാർ, കെഎയു(ആമുഖ കത്ത് സഹിതം).
3. ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്. കെഎയു.(ആമുഖ കത്ത് സഹിതം)
4. ഓക്ഷനു വേണ്ടി രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾക്ക്.
5. ഡയറക്ടർ, സിഐടിഐ, കെഎയു (യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)